(ബി) ഇതിൽ ഒരുപ്പുകൃഷി ചെയ്യുന്ന ഭൂമി, ഇരുപ്പുകൃഷി ചെയ്യുന്ന ഭൂമി ഇവ എത്ര വീതം?

ഉത്തരം

(എ, ബി) 1982–83–ലെ കണക്കനുസരിച്ച് മൂന്നു വിളകളിലായി 7,40,086 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ട്. ഒന്നാം വിളയ്ക്ക് 3,27,783 ഹെക്ടറിലും രണ്ടാം വിളയ്ക്ക് 3,24,560 ഹെക്ടറിലും മൂന്നാം വിളയ്ക്ക് 87,743 ഹെക്ടറിലും നെൽകൃഷി ഉണ്ടെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു.

കന്നുകാലി സംരക്ഷണം

538 [595] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ൽ കന്നുകാലി സംരക്ഷണത്തിന് ചെലവാക്കാൻ നീക്കിവയ്ക്കപ്പെട്ട തുക എത്ര;

(ബി) അതിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 766.911 ലക്ഷം രൂപ.

(ബി) 775.468 ലക്ഷം രൂപ.

മാട്ടി സ്റ്റേറ്റ് കാഷ്യൂ പ്രോജക്ട് സ്കീമിൽ ഉൾപ്പെടുത്തി പണിയുന്ന റോഡുകൾ

539 [596] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാട്ടി സ്റ്റേറ്റ് കാഷ്യൂ പ്രോജക്ട് സ്കീമിൽ ഉൾപ്പെടുത്തി മൂന്നു റോഡുകൾ കൂടി പണിയാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഈ റോഡുകളുടെ പണി ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാട്ടി സ്റ്റേറ്റ് കാഷ്യൂ പ്രോജക്ടിൽ ആദ്യം ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പിന്നീട് വേണ്ടെന്നുവച്ചതുമായ മൂന്നു റോഡുകൾക്കു പകരം പുതിയ മൂന്നു റോഡുകൾ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 1. വെള്ളാട്–ആശാൻകവല–കുടിയാൻമല റോഡ് (കണ്ണൂർ ജില്ല)

2. പന്ത്രിൽപ്പാടി–പുല്ലൂപ്പറച്ച്–പായങ്ങാടി റോഡ് (മലപ്പുറം ജില്ല)

3. അരങ്ങാട്–ചെറുവത്തൂർ–പാലക്കാട് റോഡ് (മലപ്പുറം ജില്ല)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഈ റോഡുകൾക്കുള്ള ലോകബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുമതി 29–5–1985–ൽ മാത്രമാണ് ലഭിച്ചത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനം

560 [597] ശ്രീ. എ. കെ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരാമ്പ്ര എസ്റ്റേറ്റിന്റെ വികസനത്തിനുവേണ്ടി കുത്താളി ഭൂമിയിൽനിന്നും നൽകാൻ തീരുമാനിച്ച സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷൻ ഏറ്റെടുത്തുവോ;

(ബി) ഈ ഭൂമി നൽകുവാൻ തീരുമാനമെടുത്തത് എന്നാണ്;

(സി) ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് വനം വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിരുന്നുവോ;

(ഡി) വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഈ ഭൂമി ഉൾപ്പെടുമോ?

ഉത്തരം

(എ) 28–8–1981–ൽ ഏറ്റെടുത്തു.

(ബി) 26–7–1980–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(സി) എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.

(ഡി) ഇല്ല.

തിരുമാറാടി പഞ്ചായത്തിൽ കൊടുംകാറ്റു മൂലം ഉണ്ടായ കൃഷി നഷ്ടം

561 [598] ശ്രീ. ബെന്നിബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ മാസം തിരുമാറാടി പഞ്ചായത്തിൽ വീശിയ കൊടുംകാറ്റുമൂലം ഉണ്ടായ നഷ്ടം കൃഷിവകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly